**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1647** **02-02-2024 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര വിഹിതം കുടിശ്ശികയായ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കൃഷി വകുപ്പിന് കീഴിൽ നടപ്പാക്കിയിട്ടുള്ള വിവിധ പദ്ധതികളിൽ കേന്ദ്ര വിഹിതമായി ലഭിക്കാനുള്ളതിൽ എത്ര തുക കുടിശിക ലഭിക്കാനുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; | (എ) | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖേന നിർവഹണം നടത്തുന്ന വിവിധ പദ്ധതികളിൽ ബയോഗ്യാസ് വികസന പദ്ധതിയിൽ മാത്രം കേന്ദ്രസർക്കാരിൽ നിന്നും ആകെ 286.647 ലക്ഷം രൂപ കുടിശ്ശിക ആയി ലഭിക്കാനുണ്ട്. |
| (ബി) | ഓരോ പദ്ധതിയിലും കുടിശ്ശിക ലഭിക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കുമോ; | (ബി) | ബയോഗ്യാസ് വികസന പദ്ധതി റീഇമ്പേഴ്സ്മെൻറ് അടിസ്ഥാനത്തിലാണ് കേന്ദ്രസർക്കാർ തുക അനുവദിച്ചിരുന്നത്. പദ്ധതി നിർവഹണം പൂർത്തീകരിച്ച് അക്കൗണ്ടൻറ് ജനറൽ ഓഡിറ്റ് ചെയ്ത സാക്ഷ്യപ്പെടുത്തിയ കണക്കുകൾ കേന്ദ്രസർക്കാരിന് നൽകിയാൽ മാത്രമേ തുക അനുവദിക്കുകയുള്ളു. മാത്രമല്ല 2011-12 വർഷം പ്രസ്തുത പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിന് അനുവദിച്ച തുകയുടെ വിനിയോഗം വൈകിയതാണ് പിന്നീടുള്ള വർഷങ്ങളിൽ തുക ലഭിക്കാതിരിക്കാൻ കാരണമായത്. |
| (സി) | യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട മറ്റ് റിപ്പോർട്ടുകൾ എന്നിവ സമർപ്പിച്ചിട്ടും കേന്ദ്രം തുക അനുവദിച്ച് നൽകാത്ത എത്ര പദ്ധതികളുണ്ട്; അവ ഏതൊക്കെയാണ്; ഓരോ പദ്ധതിക്കും ലഭിക്കാനുള്ള തുക എത്രയാണ്; വ്യക്തമാക്കുമോ? | (സി) | യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും മറ്റു ബന്ധപ്പെട്ട രേഖകളും സമർപ്പിച്ചിട്ടും തുക ലഭിക്കാത്തത് ബയോഗ്യാസ് വികസന പദ്ധതിയിൽ മാത്രമാണ്. ഈ പദ്ധതിയിൽ ലഭിക്കുവാനുള്ള തുക താഴെ കൊടുത്തിരിക്കുന്നു. |

| ക്രമ നം | വർഷം | വിഭാഗം | കുടിശ്ശിക തുക(ലക്ഷം രൂപ) |
|---|---|---|---|
| 1 | 2014-15 | പട്ടികജാതി | 5.16 |
| 2 | 2015-16 | പട്ടികജാതി | 3.83 |
| 3 | 2016-17 | പട്ടികജാതി | 3.096 |
| 4 | 2018-19 | എല്ലാ വിഭാഗങ്ങളും | 132.311 |
| 5 | 2019-20 | എല്ലാ വിഭാഗങ്ങളും | 84.708 |

| | | | | | | |
|---|---|---|---|---|---|---|
| | | | 6 | 2020-21 | എല്ലാ വിഭാഗങ്ങളും | 57.542 |
| | | | | ആകെ രൂപ | | 286.647 ലക്ഷം രൂ |

സെക്ഷൻ ഓഫീസർ